ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 03.12.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഭിന്നശേഷിക്കാർക്ക് തുല്യമായ അവസരങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu today conferred the National Awards for the Empowerment of Persons with Disabilities on the International Day of Persons with Disabilities 2024 in New Delhi.The President said that it is the duty of the entire humanity to make all Divyangs feel comfortable and equal.**

2. ഭരണഘടനാ മൂല്യങ്ങൾ പൗരന്മാർക്ക് ഉറപ്പുവരുത്തുന്നതിലെ നിർണായക ചുവടുവെയ്പ്പാണ് രാജ്യത്ത് നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi dedicated the successful implementation of the New Criminal Laws to the nation in Chandigarh today. Prime Ministeri said that the implementation of the new criminal laws is a concrete step towards fulfilling the ideals that our constitution has envisioned for the citizens of our country.**

3. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് നിർത്തിവച്ച നടപടിക്രമങ്ങൾ പാർലമെന്റിന്റെ ഇരുസഭകളിലും പുനരാരംഭിച്ചു. - രാജ്യത്തെ കാര്യക്ഷമമായി നയിക്കുന്നതിന് പാർലമെന്റിന്റെ സുഗമമായ പ്രവർത്തനം അനിവാര്യമാണെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു.

   **Both the Houses of Parliament today resumed business after the first adjournment. Parliamentary Affairs Minister Kiren Rijiju stressed that Parliament must function to effectively run the country.**

4. ആലപ്പുഴയിൽ വാഹനാപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിന്റെ അന്ത്യാഞ്ജലി.

**Hundreds paid tribute to the MBBS students killed in Alapuzha car accident**

5. ഏഷ്യാ കപ്പ് ജൂനിയർ ഹോക്കി സെമിഫൈനലിൽ ഇന്ത്യ ഇന്ന് മലേഷ്യയുമായി ഏറ്റുമുട്ടും.

**India to take on Malaysia in semi-final of Men's Hockey Junior Asia Cup in Muscat, Oman this evening.**

&&&&&&&&&&&&&&&&

# HEADLINE – 1

## PREZ-AWARD (INTRO)

*ദിവ്യാംഗരുടെ ക്ഷേമത്തിനായി രാജ്യത്ത് ശക്തമായ പ്രവർത്തനങ്ങൾ തുടരണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദിവ്യാംഗരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ പുരസ്കാരങ്ങൾ ലോക ഭിന്നശേഷി ദിനത്തിൽ ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി. പുരസ്കാര ജേതാക്കൾ സമൂഹത്തിന് മാതൃകയാണെന്നും രാജ്യത്തുടനീളമുള്ള ഭിന്നശേഷിക്കാർക്ക് പുരസ്കാരം പ്രചോദനമാകുമെന്നും ശ്രീമതി മുർമു പറഞ്ഞു. ഭിന്നശേഷിക്കാർക്ക് തുല്യമായ അവസരങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ ആകെ ഉത്തരവാദിത്തമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.*

*( വോയിസ്....)*

*മുപ്പത്തിമൂന്ന് വ്യക്തികളും സ്ഥാപനങ്ങളുമാണ് പുരസ്കാരത്തിന് അർഹരായത്. ഭിന്നശേഷിയുള്ളവരുടെ ജീവിതം സമ്പന്നമാക്കാൻ ലക്ഷ്യമിട്ടുള്ള പതിനാറ് സംരംഭങ്ങളുടെ അനാച്ഛാദനം കേന്ദ്ര മന്ത്രി വീരേന്ദ്ര കുമാർ ചടങ്ങിൽ നിർവഹിച്ചു.*

&&&&&&&&&&&&&&&&

आकाशवाणी

# HEADLINE – 2

## PM-CHANDIGARH (INTRO)

***ഭരണഘടനാ മൂല്യങ്ങൾ പൗരന്മാർക്ക് ഉറപ്പുവരുത്തുന്നതിലെ നിർണായക ചുവടുവെയ്പ്പാണ് രാജ്യത്ത് നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുതിയ ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച് ചണ്ഡിഗഢിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ജനങ്ങളെ അടിമകളായി കാണുന്ന നിയമസംവിധാനമായിരുന്നു രാജ്യത്ത് മുൻപ് നിലനിന്നിരുന്നതെന്നും, കൊളോണിയൽ രീതികളിൽ നിന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ രാജ്യത്തെ പുറത്തെത്തിക്കുന്നതായും അദ്ദേഹം പറഞ്ഞു.***

***(ഹോൾഡ്)***

***ലോകത്ത് ഏറ്റവും ആധുനികമായ ക്രിമിനൽ നീതിന്യായ സംവിധാനമാണ് രാജ്യത്ത് നടപ്പാക്കിയതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ചടങ്ങിൽ പറഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും, ഭീകരവാദത്തിനെതിരായ കർശന നടപടികളും പുതിയ ക്രിമിനൽ നിയമങ്ങൾ ഉറപ്പുവരുത്തുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ വർഷം ജൂലൈ 1-നാണ് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങൾ രാജ്യത്ത് നടപ്പാക്കിയത്.***

&&&&&&&&&&&&&&&&&

# HEADLINE – 3

## PAR-OPPOSITION WALK OUT

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. കോൺഗ്രസ്, സമാജ് വാദി പാർട്ടി, ഡി എം കെ തുടങ്ങിയ പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങളാണ് സഭയിൽ പ്രതിഷേധിച്ചത്. തുടർന്ന് നിർത്തിവച്ച നടപടിക്രമങ്ങൾ രണ്ട് മണിയോടെ പുനരാരംഭിച്ചു. സംഭൽ സംഘർഷം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പ്രതിഷേധിച്ച് ഇരുസഭകളിലും പ്രതിപക്ഷം ഇന്ന്

രാവിലെ വാക്കൗട്ട് നടത്തിയിരുന്നു. സമാജ് വാദി എംപി അഖിലേഷ് യാദവ് ലോക്സഭയിൽ ഇന്ന് ശൂന്യവേളയിൽ സംഭൽ വിഷയം ഉന്നയിച്ചു. സംഭൽ അക്രമങ്ങൾക്ക് പിന്നിൽ ഗൂഡാലോചന നടന്നതായും, ഇതിന് പിന്നിൽ പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

രാജ്യസഭയിലും സംഭൽ വിഷയത്തിൽ പ്രതിഷേധിച്ച് അംഗങ്ങൾ വാക്കൗട്ട് നടത്തി.സമാജ്‌വാദി പാർട്ടി എംപി രാം ഗോപാൽ യാദവ് രാജ്യസഭയിൽ വിഷയം ഉന്നയിച്ചു. സംഭൽ അക്രമത്തിൽ അഞ്ച് പേർ മരിക്കുകയും, 20 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു

&&&&&&&&&&&&&&&&

**PAR-PROTEST 1**

അദാനി ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഐ.എൻ.ഡി.ഐ.എ എംപിമാർ പാർലമെന്റ് സമുച്ചയത്തിൽ ഇന്ന് പ്രതിഷേധ പ്രകടനം നടത്തി. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ പ്രതിഷേധത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&

**RIJIJU-PARLIAMENT**

രാജ്യത്തെ കാര്യക്ഷമമായി നയിക്കുന്നതിന് പാർലമെന്റിന്റെ സുഗമമായ പ്രവർത്തനം അനിവാര്യമാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പാർലമെന്റ് നടപടിക്രമങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ സർക്കാരും, പ്രതിപക്ഷ പാർട്ടികളും സമവായത്തിലെത്തിയതിൽ അദ്ദേഹം സന്തോഷം പങ്കുവച്ചു. സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിൽ ഇന്നലെ നടന്ന ചർച്ചയിലാണ് ഇത് സംബന്ധിച്ച് ധാരണയായത്. ഭരണഘടന സംബന്ധിച്ച പ്രത്യേക ചർച്ച പാർലമെന്റിന്റെ ഇരു സഭകളിലും ഈ മാസം 13 മുതൽ 17 വരെ നടക്കുമെന്നും ശ്രീ കിരൺ റിജിജു അറിയിച്ചു.

&&&&&&&&&&&&&&&&

**ANNAPURNA DEVI- WOMEN**

വനിതകളുടെ നേതൃത്വത്തിലുള്ള വികസനത്തിലേക്കാണ് രാജ്യം മുന്നേറുന്നതെന്നും സ്ത്രീകളുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി. എല്ലാ മേഖലകളിലും സ്ത്രീകളുടെ നേതൃത്വത്തിൽ വികസനം കൈവരിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ കാഴ്ചപ്പാടെന്നും മന്ത്രി ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങളിലൂടെ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളിൽ ഇരകൾക്ക് നീതി ഉറപ്പാക്കുകയാണ് കേന്ദ്ര സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്നും ശ്രീമതി അന്നപൂർണാ ദേവി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**SAUGAMYA BHARAT ABHIYAN**

ഭിന്നശേഷിക്കാരെ ഉൾച്ചേർത്തുള്ള രാജ്യം സൃഷ്ടിക്കുന്നത് ലക്ഷ്യമിടുന്ന സുഗമ്യ ഭാരത് അഭിയാന് ഇന്ന് 9 വർഷം. ഭിന്നശേഷിക്കാർക്ക് ഗതാഗതം, പൊതു ഇടങ്ങൾ തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളും പ്രാപ്യമാക്കുകയാണ് ഈ പരിവർത്തന സംരംഭത്തിൻറെ ലക്ഷ്യം. ദിവ്യാംഗരുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുകയും ഇതിലൂടെ ലക്ഷ്യമിടുന്നു. രാജ്യത്ത് ആയിരക്കണക്കിന് സർക്കാർ കെട്ടിടങ്ങളും ഗതാഗത സൗകര്യങ്ങളും പുനഃക്രമീകരിക്കുന്നത് മുതൽ ആംഗ്യ ഭാഷാ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് വരെയുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് സുഗമ്യ ഭാരത് അഭിയാനിലൂടെ നടപ്പാക്കി വരുന്നത്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

&&&&&&&&&&&&&&&&&

# HEADLINE – 5

**TRAGEDY-ALAPPUZHA**

ആലപ്പുഴ ദേശീയപാതയിലെ അപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിൻറെ അന്ത്യാഞ്ജലി. മരിച്ച അഞ്ചു വിദ്യാർത്ഥികളുടെയും പൊതുദർശനം ആലപ്പുഴ മെഡിക്കൽ കോളേജിൽ നടന്നു. സഹപാഠികൾക്കും, അധ്യാപകർക്കുമൊപ്പം മന്ത്രിമാരായ വീണാ ജോർജ്, സജി ചെറിയാൻ ഉൾപ്പെടെയുള്ളവർ അന്ത്യാഞ്ജലി അർപ്പിക്കാനെത്തി. അപകടത്തിൽ പരിക്കേറ്റ ആറ് വിദ്യാർത്ഥികളിൽ ഒരാളുടെ നില അതീവ ഗുരുതരമാണെന്നും പ്രത്യേക മെഡിക്കൽ ബോർഡ് ചേർന്ന് കുട്ടികൾക്ക് എല്ലാ ചികിത്സയും ഉറപ്പാക്കുമെന്നും മന്ത്രി വീണാജോർജ്ജ് പറഞ്ഞു.

&&&&&&&&&&&&&&&&

**PM-STALIN TALKS**

പ്രധാനമന്ത്രി നരേന്ദ്ര മോദി തമിഴ്നാട്ടിലെ പ്രളയക്കെടുതികൾ സംബന്ധിച്ച് മുഖ്യമന്ത്രി എം കെ സ്റ്റാലിനുമായി ടെലിഫോൺ സംഭാഷണം നടത്തി. തമിഴ്നാടിന് സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകി.

&&&&&&&&&&&&&&&&

**PUDUCHERI RAIN (INTRO)**

***ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് സാരമായ നാശനഷ്ടങ്ങൾ വിതച്ച പുതുച്ചേരിയിൽ ജനജീവിതം വീണ്ടും സാധാരണ നിലയിലേക്ക്. വൈദ്യുതി - ഇന്റർനെറ്റ് ബന്ധം ഏതാണ്ട് പൂർണ്ണമായി പുനസ്ഥാപിക്കപ്പെട്ടു.***

***കൂടുതൽ വിവരങ്ങളുമായി പുതുച്ചേരിയിൽ നിന്ന് ആകാശവാണി ലേഖകൻ ബിബിൻ എസ്. നാഥ്....***

***(വോയിസ്......)***

&&&&&&&&&&&&&&&&

**RAIN - KERALA**

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിൻറെ പ്രഭാവത്താൽ ഉത്തര കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&

# HEADLINE – 5

## HOCKEY - JUNIOR ASIA CUP

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയുമായി ഏറ്റുമുട്ടും. ഒമാനിലെ മസ്കറ്റിൽ ഇന്ത്യൻ സമയം രാത്രി 8:30 നാണ് മത്സരം. പൂൾ എ യിൽ ദക്ഷിണ കൊറിയയെ തോൽപ്പിച്ച് ഇന്ത്യ ഒന്നാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&

## DELHI-POLLUTION

ദേശീയ തലസ്ഥാനമായ ഡൽഹിയിൽ വായു ഗുണനിലവാരത്തിൽ നേരിയ പുരോഗതി. വായുഗുണനിലവാര സൂചികയിൽ ഇന്ന് രാവിലെ 274 രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## PRESIDENT - ODISHA VISIT

രാഷ്ട്രപതി ദ്രൗപദി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡീഷയിലെത്തും. ഭുവനേശ്വറിലെ ആദിം ഒവാർ ജർപ ജഹർ സന്ദർശിക്കുന്ന രാഷ്ട്രപതി പണ്ഡിറ്റ് രഘുനാഥ് മുർമുവിന്റെ പ്രതിമ അനാച്ഛാദനം ചെയ്യും. ഗോപബന്ധു ആയുർവേദ

മഹാവിദ്യാലയത്തിന്റെ 75-ാം വാർഷികാഘോഷത്തിലും, ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാവികസേനാ ദിനാഘോഷത്തിലും രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&